accepted this view in their meeting dated 13th Virschigam 1124 and hence the matter has been dropped.

**KHADI DEVELOPMENT SCHEME—MEMORANDUM SUBMITTED BY THE A-C.K.TRUST**

**172.** (180) മിസ്റ്റർ പി എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിന്നു ദയവുണ്ടാകുമോ?—

(എ) ഫ്രഞ്ചു പോൺഡിച്ചേരി അഖിലകൊച്ചി ഖാദി ട്രസ്റ്റ് ഗവണ്മെന്റിന്റെ മുമ്പിൽ ഒരു ഖാദി വികസന പദ്ധതി സമർപ്പിക്കുകയുണ്ടായൊ;

(ബി) അതിനെക്കുറിച്ചു ഗവണ്മെന്റ് എന്തു് ഉത്തരവാണു പാസ്സാക്കിയതു്;

(സി)എന്നാണു് ഉത്തരവു പാസ്സാക്കിയതു്?

(ഡി) ഇപ്പോൾ ഗവണ്മെന്റു വല്ല ഖാദി പദ്ധതിയും സ്വീകരിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ എന്താണു് ആ പദ്ധതി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടില്ലാതിരുന്നതുകൊണ്ടു തൽക്കാലം നീട്ടി വെക്കുവാൻ തീരുമാനിച്ചു.

(സി) ഫ്രം ഒ ഡിസമ്പർ ഫ്രം-ാംനു-.

ഡി & ഇ) അഖിലകൊച്ചി ഖാദി ട്രസ്റ്റുമായി ഇതുസംബന്ധിച്ചു വേണ്ട ആലോചനയിൽ ഇരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനത്തിന്നു് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഫ്രം ൦,൦൦൦ക. വകകൊള്ളിച്ചിട്ടുണ്ടു്.

മിസ്റ്റർ ടി. പി. സീതാരാമൻ: ഏന്താണു് ആ പദ്ധതി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതാനും ദിവസങ്ങൾക്കുമമ്പു് ചേപ്പു, ഗ്രാമോദ്ധാരണകേന്ദ്രത്തിൽ വെച്ചു് ഒരു കോൺഫറൻസു് കൂടി. അതിൽ സംബന്ധിച്ച ഖാദിപ്രേമികളോടു് ഒരു പദ്ധതി എഴുതി അയയ്ക്കുവാൻ പറഞ്ഞിട്ടുണ്ടു്. അതു് ഇനിയും തീരുമാനിച്ചിട്ടില്ല.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: ആ പദ്ധതി എന്തു തരം സ്വീകരിച്ചാണു് തയ്യാറാക്കുന്നതെന്നു പറയാമൊ?

ഉത്തരമില്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇതു ചേർപ്പു് ഖാദികേന്ദ്രത്തിന്നു മാത്രം ബാധകമായ ഒരു പദ്ധതിയായിരിക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. അതു കൊച്ചിയിലെല്ലാം ഒന്നാകെ ബാധകമാക്കാനാണു്.

**VYPEEN-PALLIPURAM ROAD WORKS AND ERNAKULAM TO VYPEEN BRIGDE—PARTICULARS OF**

**173.** (64) **Mr. M. I. Paul** *(Elankunnapuza):* Will Government be pleased to state.—

(*a*) how far the Vypeen-Pallipuram road works have progressed;

(*b*) how far the idea of connecting Ernakulam to Vypeen by bridges has been realised?

**Mr. K. Ayyappan** *(Minister for Works and Revenue):*

(*a*) About 7½ furlongs of land for the road have been handed to P. W. D. Acquisition for balance length up to Narakkal is in progress. Bridge works have been started. Further work is in good progress.

(*b*) The scheme of constructing bridges is engaging the attention of Government.

മിസ്റ്റർ എം. ഐ. പോൾ: പാലം പണിക്കു വേണ്ടപണം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ടായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: ആ പണം എവിടെ പോയി?

മിസ്റ്റർ കെ. അയ്യപ്പൻ: ആ പണം ലാപ്സായി പോയി.

മിസ്റ്റർ എം. ഐ. പോൾ: അതു ലാപ്സാകാൻ എന്താണു് കാരണം?

മിസ്റ്റർ കെ. അയ്യപ്പൻ: പണി തുടങ്ങാഞ്ഞതുകൊണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: പണി തുടങ്ങാതിരിക്കുവാൻ എന്താണു് കാരണം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അതിന്ന പല കാരണങ്ങളും ഉണ്ട്. പ്രത്യേകമായി ഹാർ ബർകാരുടെ സമ്മതംകൂടിവേണം. അതിന്ന താമസം നേരിടുന്നതിനാലാണ പണി തുട ങ്ങാതിരിക്കുവാൻ പ്രധാനകാരണം.

മിസ്റ്റർ എം. ഐ. പോൾ: ബഡ്ഡറിൽ എത്ര സംഖ്യയാണ് കൊള്ളിച്ചിരുന്നത്?

മിസ്റ്റർ കെ. അയ്യപ്പൻ: അതിപ്പോൾ ഓർമ്മയില്ല.

**LEPROSY ASYLUM AT ADOOR—PARTICULARS OF**

**174.** (242) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദേവസ്വംമന്ത്രി സദയം മറുപടി പറയുമോ—

(എ) അഡൂർ കുഷ്ഠരോഗാസ്പത്രിയിൽ നിന്നും കഴിഞ്ഞകൊല്ലവും ഈ കൊല്ലവുമാ യി എത്ര രോഗികളെ പിരിച്ചുവിട്ടിട്ടുണ്ട്?

(ബി) അവരിൽ എത്രപേരെ ഇപ്പോൾ ആസ്പത്രിയിലേക്ക് തിരിച്ചെടുത്തിട്ടുണ്ട്?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ൧൯൪൭-ൽ ൫൩ രോഗികളെ വിട്ടയച്ചു. ഇതിൽ ൧൫൧ പേർ അച്ചടക്കമില്ലാതെ തന്നത്താൻ ഇറങ്ങിപ്പോയവരാണ്. ൧൯൪൮-ൽ ൫൧ പേരെ പി രിച്ചുവിട്ടു:

(ബി) അച്ചടക്കമില്ലാതെ ഇറങ്ങിപ്പോയവരിൽ ൭൫ പേരെ തിരിച്ചെടുത്തു.

**Mr. President:** Mr. Kannan is absent. He has authorised Mr. Kuchukuttan to put this question.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ൧൯൪൮-ൽ ൫൩ രോഗികളെ പിരിച്ചുവിട്ടതിൽ ൧൫൧ പേർ അച്ചടക്കമില്ലാതെ തന്നത്താൻ ഇറങ്ങിപ്പോയവരാണ് എന്ന പറഞ്ഞിട്ടു ണ്ട്. ബാക്കിയുള്ളവർ ഭീനം സുഖമായിട്ട പോയിട്ടുള്ളതാണൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: വല്ലവരും ചത്തുപോയിട്ടുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അറിയുവാൻ പാടില്ല.

മിസ്റ്റർ വി. കെ. ജോസഫ്: പ്രജാമണ്ഡലം കേന്ദ്രകാര്യാലയത്തിന്റെ മുമ്പിൽ പിരി ച്ചുവിട്ട കുഷ്ഠരോഗികളിൽ ചിലർ സത്യാഗ്രഹം നടത്തിയതായിട്ട അറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അവരാണൊ സത്യാഗ്രഹം നടത്തിയതെന്നറിഞ്ഞു കൂടാ. അവിടെനിന്ന പോയവരിൽപെട്ട ൫ പേരും വേറെ ൨ പേരുമാണെന്നാണ് അറി യുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: ഇതുപോലെയുള്ള പകർച്ചവ്യാധികാരം പിടിപെട്ട ആളുക ളെ അലഞ്ഞു തിരിഞ്ഞു നടത്താതിരിക്കുവാൻ നിയമമില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിന്ന നിയമമുണ്ട്. പക്ഷെ അതു് എല്ലാകാര്യത്തി നും മതിയാകയില്ല. അടുത്തു കൊണ്ടുവരാൻ പോകുന്ന നിയമം വന്നാൽ മതിയാകും.

മിസ്റ്റർ പി. കെ. ഡീവർ: അച്ചടക്കമില്ലാത്ത ആളുകളെ പുറത്തു പറഞ്ഞയക്കാതെ അവരുടെ പേരിൽ നടപടിയെടുത്തു അതിന്നകത്തുതന്നെ നിറുത്തുവാൻ വല്ല മാർഗ്ഗവുമില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിന്റെ അകത്തു് വളരെ ശാന്തമായി നടക്കേണ്ട താണ്. അതുകൊണ്ട അച്ചടക്കമില്ലാത്തവരെ അതിനകത്തു സൂക്ഷിക്കുന്ന കാര്യത്തിൽ ഇ പ്പോഴത്തെ മാനേജ്മെണ്ടു് യോജിക്കുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: ഇതിൽ ൫ പേർ പ്രധാനമന്ത്രിയുടെ പടിക്കൽ സത്യാ ഗ്രഹം നടത്തിയതായിട്ട അറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ൫ പേർ അവിടെ കുറച്നേരം വന്നു് ഇരുന്നതായി കേ ട്ടിട്ടുണ്ട്. (ചിരി).

മിസ്റ്റർ പി. കെ. ഡീവർ: കുഷ്ഠരോഗികാരം വഴിയിൽ ധാരാളമായിട്ട് അലഞ്ഞു തിരി ഞ്ഞു നടക്കാതിരിക്കത്തക്ക വല്ല നടപടികളും എടുക്കുവാൻ സാധിക്കുമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: കൊച്ചീരാജ്യത്തു് ഉദ്ദേശം ആറായിരം കുഷ്ഠരോഗികളു ണ്ട്. അവരെ എല്ലാവരേയും ഇവിടെ ഐസൊലേറ്റ ചെയ്യുവാൻ സ്ഥലമില്ല. പണം ധാരാളം ഈ നിയമസഭ അനുവദിക്കുന്നതായാൽ അതിന്ന സൌകര്യമുണ്ടാക്കാൻ സാധിക്കു ന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly